# നന്മമരം




**2018-2019**

**LITTLE KITES**

## താളുകളിലൂടെ

GRACE CALLS HER FRIENDS....................35
IT FAIR....................17
Little KITEs'....................11
Objectives of Little KITES programme....................12
SKY....................24
Smile....................32
Vypeen Sub-district IT Fair....................14
അകത്തളത്തിലെ വിഷാദം....................28
ആമുഖം....................6
ഒരിക്കൽക്കൂടി....................50
ഓർമ്മയിലെ മഞ്ഞപ്പൂക്കളൾ....................26
കാട്ടിലെ പ്രളയം....................31
കേരളം അനുഭവിച്ച പ്രളയം....................23
ചില നല്ല നിമിഷങ്ങൾ....................13
ജന്മനാടിനായ് ഉണരുക....................37
നന്ദി....................52
നന്മമരത്തിന് പിന്നിൽ....................5
നാൾവഴികളിലൂടെ....................19
പരിശ്രമം....................25
പൂവിന്റെ കൂട്ടുകാരൻ....................36
പ്രളയം....................33
സന്ദേശം....................8
സഫലമീ ജീവിതം....................30
സ്നേഹം....................48
സ്നേഹ ദുർഗ്ഗ....................29

നന്മമരം

## നന്മമരത്തിന് പിന്നിൽ

മീനാക്ഷി പ്രകാശൻ

ഷിഫ്ന

ശിൽപ റാണി

ദേവിക പി.വി.

ലിജിത പി.എൽ.

അക്ഷയ പി.കെ

ഹരി സാർ

ജോർജ്ജ് സാർ

ശ്രീജ ടീച്ചർ

അനിൽ സാർ

ഷെൽമ ടീച്ചർ

ജിസി ടീച്ചർ

ഷിജി ടീച്ചർ

# ആമുഖം

അതിവേഗം വികസിച്ചുകൊണ്ടിരിക്കുന്ന വിവര വിനിമയ സാങ്കേതിക വിദ്യ രാജ്യ പുരോഗതിയെ തന്നെ ഗുണപരമായി സ്വാധീനിക്കുന്ന ഒന്നാണ്. ശാസ്ത്ര രംഗത്ത് അടക്കം വിവിധ മേഖലകളിൽ വലിയൊരു കുതിച്ചുചാട്ടത്തിന് കമ്പ്യൂട്ടർ വഴിയൊരുക്കിയത്. പ്രായഭേദമെന്യേ സർവ്വരും ഇന്ന് കമ്പ്യൂട്ടർ ഉപയോഗിക്കുന്നുണ്ടെങ്കിലും ഇതിനെ ഫലപ്രദമായി ഉപയോഗിക്കുന്നത് കുട്ടികളടക്കമുള്ള പുതുതലമുറ ആണെന്ന് നിസ്സംശയം പറയാം. വളരെ വേഗമാണ് കമ്പ്യൂട്ടറും അനുബന്ധ സോഫ്റ്റ്‌വെയറുകളും കുട്ടികൾ പഠിക്കുന്നതും അതിൽ പ്രഗൽഭരായി തീരുന്നതും.

എന്നാൽ ഏതാണ്ട് ഒരു ദശകം മുമ്പ് വരെ എല്ലാ വിദ്യാർത്ഥികൾക്കും പ്രാപ്തമായിരുന്ന ഒന്നല്ല കമ്പ്യൂട്ടർ. അത് സമൂഹത്തിലെ ഒരു വിഭാഗം കുട്ടികൾക്ക് മാത്രമേ അതിനുള്ള സാഹചര്യം ഉണ്ടായിരുന്നുള്ളൂ. എന്നാൽ സർക്കാരിൻറെ മേൽനോട്ടത്തിൽ ഇന്ന് കൈറ്റ് എന്ന പേരിലറിയപ്പെടുന്ന ഐടി അറ്റ് സ്കൂൾ വിദ്യാലയങ്ങളിൽ രൂപീകരിക്കപ്പെടുന്നതോടെ ശ്രദ്ധേയമായ ഒരു മാറ്റമാണ് വിദ്യാഭ്യാസരംഗത്ത് ഉണ്ടായത്. ദരിദ്ര സമ്പന്ന ഭേദമില്ലാതെ പൊതുവിദ്യാഭ്യാസ മേഖലയിലെ എല്ലാ വിദ്യാർത്ഥികൾക്കും കമ്പ്യൂട്ടർ പരിശീലനത്തിന് അവസരം ലഭിച്ചതോടെ വിദ്യാഭ്യാസമേഖലയിൽ നടന്നത് വലിയൊരു വിപ്ലവമായിരുന്നു. കുട്ടികളുടെ ബൗദ്ധികനിലവാരത്തിൽ കമ്പ്യൂട്ടർ വലിയ മാറ്റമാണ് വരുത്തിയത്. ഈ മാറ്റത്തിന് ഐടി അറ്റ് സ്കൂളിനോടും സർക്കാരിനോടും പുതുതലമുറയുടെ കടപ്പാട് തീർത്താൽ തീരുന്നതല്ല.

ഒരു ദശകം മുമ്പ് തുടക്കമിട്ട ആ വിപ്ലവം, കാലോചിതമായ ഒട്ടേറെ മാറ്റങ്ങളോടെ പ്രഗൽഭരായ ഒരു സംഘം അധ്യാപകരുടെ നേതൃത്വത്തിൽ സ്കൂളിൽ കൈകാര്യം ചെയ്യപ്പെടുകയാണ്. കുത്തക സോഫ്റ്റ്‌വെയറുകളെ പടിക്കു പുറത്തു നിർത്തി തങ്ങൾക്ക് ആവശ്യമായ രീതിയിൽ സ്വതന്ത്ര സോഫ്റ്റ്‌വെയറിനെ

പരുവപ്പെടുത്തി ഉപയോഗിക്കപ്പെടുന്ന 'കേരള മോഡൽ' ലോകത്തിന് തന്നെ മാതൃകയാണ്. ഇത് കേരളത്തിലെ പുതുതലമുറയിൽപ്പെട്ട ഓരോ കുട്ടികൾക്കും വളർച്ചയ്ക്ക് അനുകൂലമായ സാഹചര്യം സൃഷ്ടിക്കുന്നു.

വിദ്യാലയങ്ങളിലെ വിവരവിനിമയ സാങ്കേതിക വിദ്യക്ക് നേതൃത്വം വഹിക്കുന്ന കൈറ്റ്സ്, തല്പരരായ കുട്ടികളെ പരിശീലിപ്പിച്ചെടുക്കുന്നതിന് രൂപീകരിച്ചിട്ടുള്ള ഐടി ക്ലബ്ബാണ് ലിറ്റിൽ കൈറ്റ്സ്. ഈ ക്ലബ്ബ് വിഭാവനംചെയ്യുന്ന വൈവിധ്യമാർന്ന പദ്ധതികളിൽ ഒന്നാണ് ഒരു ഡിജിറ്റൽ മാഗസിൻ. കുട്ടികളുടെ

രചനകൾ സമാഹരിച്ച് ടൈപ്പ് ചെയ്ത് അതിനെ ഒരു ഡിജിറ്റൽ മാഗസിൻ ആക്കി മാറ്റുന്ന അടക്കമുള്ള മുഴുവൻ പ്രവർത്തനങ്ങളും ചെയ്യുന്നത് കുട്ടികൾ തന്നെയാണ്. അത്തരമൊരു സംരംഭമാണ് ഡിജിറ്റൽ മാഗസിൻ. ഇതിലെ തെറ്റുകുറ്റങ്ങൾ സവിനയം ക്ഷമിച്ചും അവർക്ക് വേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ നൽകിയും ഈ സംരംഭത്തെ അനുഗ്രഹിക്കണമെന്ന് എല്ലാവരോടും അഭ്യർത്ഥിക്കുന്നു

By

K.G . HARIKUMAR

TEACHER



# സന്ദേശം

എടവനക്കാട് എസ് ഡി പി വൈ കെപിഎം ഹൈസ്കൂളിലെ ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ ഒരു ഡിജിറ്റൽ മാഗസിൻ തയ്യാറാക്കുന്നുവെന്നറിഞ്ഞപ്പോൾ മനസ്സിൽ ഏറെ സന്തോഷം തോന്നി. കാരണം ഒരു വിദ്യ പഠിച്ചെടുക്കുന്ന വിദ്യാർത്ഥികൾ അതിനോടൊപ്പം തന്നെ ഒരു ഉൽപ്പന്നം കൂടി ഉണ്ടാക്കുമ്പോഴാണ് പഠനത്തിന്റെ യഥാർത്ഥനിലവാരം സമൂഹത്തിന് അളക്കാനാവുന്നത്. അങ്ങനെ നോക്കുമ്പോൾ ഡിജിറ്റൽ മാഗസിൻ തയ്യാറാക്കണം എന്ന ചിന്ത പോലും അഭിനന്ദനാർഹമാണ്.

ഒരു പൂപറിക്കുന്ന ലാഘവത്തോടെ തയ്യാറാക്കാനാകുന്ന ഒന്നല്ല ഡിജിറ്റൽ മാഗസിൻ. അദ്ധ്യാപകരുടേയും വിദ്യാർത്ഥികളുടേയും അശ്രാന്തപരിശ്രമം ഉണ്ടെങ്കിൽ മാത്രമേ ഈ പദ്ധതി വിജയിപ്പിക്കാനാകൂ. അതു കൊണ്ടു തന്നെ ഇതിനു പിന്നിൽ പ്രവർത്തിച്ച ഓരോരുത്തരേയും ശ്രീധർമ്മ പരിപാലന യോഗം മാനേജ്മെന്റിന്റെ പേരിൽ അഭിനന്ദിക്കുന്നു. തുടർന്നും വ്യത്യസ്തതയാർന്ന പദ്ധതികൾ രൂപീകരിക്കാനും നടപ്പിലാക്കാനും ലിറ്റിൽ കൈറ്റ്സിന് സാധിക്കട്ടെയെന്ന് ആശംസിക്കുന്നു.

എന്ന്



സ്കൂൾ മാനേജർ
എസ്ഡിപിവൈ സ്കൂൾസ്
പള്ളുരുത്തി

***Messages For Students***

Dear student, always believe in yourself. You have the ability to do any kind of work whatever it is easy or tough. So be confident and work hard to get your dream.

Be a good human who helps everyone. Be a good partner, a good friend, a good soul who is honest, trustworthy and responsible. Happiness will find you.

You are the person who can change the world. You have a big responsibility to make the world better. I know you can do this very well. All the best my dear student.

HEAD MISTRESS

A K SREEKALA

# സന്ദേശം

KITE ന്റെ ആഭിമുഖ്യത്തിൽ സ്കൂളിൽ പ്രസിദ്ധീകരിക്കുന്ന സ്കൂൾ മാഗസിന് എല്ലാവിധ ആശംസകളും അർപ്പിക്കുന്നു. IT അധിഷ്ഠിത വിദ്യാഭ്യാസത്തിന് ഏറ്റവും കൂടുതൽ പ്രാധാന്യം ഉള്ള ഈ കാലഘട്ടത്തിൽ KITE ന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന പ്രവർത്തനങ്ങളിൽ വിദ്യാർത്ഥികളും ആയതിന്റെ പ്രാധാന്യം മനസ്സിലാക്കി പങ്കെടുത്ത് ഇന്ന് സമൂഹത്തിന്റെ എല്ലാ മേഖലകളിലും അത്യാവശ്യ ഘടകമായി മാറിയിട്ടുള്ള ഇൻറലിജൻസ് ടെക്നോളജിയിൽ അഗാധമായ അറിവു നേടി സ്വന്തം പേരും, സ്കൂളിന്റെ പേരും, നമ്മുടെ നാടിന്റെ പേര് തന്നെ ഉയർത്തി ഉന്നതതലങ്ങളിൽ എത്തുന്നതിന് ഓരോ വിദ്യാർത്ഥികളോടും ആഹ്വാനം ചെയ്യുന്നു.വിദ്യാർത്ഥികളുടെ സമ്പൂർണമായ ഉന്നമനത്തിന് എല്ലാ വിധ സഹായ സഹകരണങ്ങളും നൽകി നടപ്പിലാക്കുന്ന KITE ന് എല്ലാവിധ പിൻതുണയും അറിയിച്ചും, എല്ലാ വിദ്യാർത്ഥികളുടേയും പൂർണ്ണ ശ്രദ്ധ KITE ന്റെ പ്രവർത്തനങ്ങളിലും,സ്കൂൾ മാഗസിൻ മുതലായ സൃഷ്ടിപരമായ പ്രവർത്തനങ്ങളിൽ ഉണ്ടാകണമെന്നും ആഹ്വാനം ചെയ്തു കൊണ്ട്

സ്നേഹാദരങ്ങളോടെ

എം.സി. നന്ദകുമാർ
പ്രസിഡന്റ്
കെ.എ.എസ്സ്.എൻ.ടി.എസ്സ്.എ
എറണാകുളം ജില്ല

# Editorial

I warmly welcome you all to the Ist annual magazine of the 'Little Kites' unit of our school. A magazine is viewed as a launch pad for the children's creative urges to blossom naturally. The enthusiastic write ups of our young kites are sufficient to hold the interest and admiration of the readers. We are sure that the positive attitude, hard work, sustained efforts, and innovative ideas exhibited by our young buddies will surely stir the minds of the readers.

I am sure this humble initiative will set the budding minds free allowing them to roam freely in the realm of imagination and to create a beautiful world of words.

Joint Editors : Devika , Meenakshi , Shifna

# 'Little KITEs'

_ IT Club is a unique initiative of KITE, which feature over 1 lakh student members. The Hi-School Kuttikootam programme, which was part of the Public Education Rejuvenation Mission of the State Government, through which students were given intense training in 5 areas such as Animation, Cyber Safety, Malayalam Computing, Hardware and Electronics, has been structurally upgraded in Student Police Cadets model, thus becoming 'Little KITEs IT Clubs'. Little KITEs is set to become the largest Student IT Network in theCountry. Hon. Chief Minister, Shri. Pinarayi Vijayan has launched this unique initiative on 22nd January 2018 at Thiruvananthapuram. In addition to the already identified 5 Core areas, more topics have been added such as Development of Mobile Apps, Programming, Robotics, E-Commerce, E-Governance, Video Documentation, Web TV etc to the activity bouquet of 'Little KITEs`.

## Objectives of Little KITES programme

1. To encourage the natural interest of students in ICT field and to create a culture for appropriate usage of technology and software.

2. To provide an opportunity for students to learn the different perspectives of ICT tools, so as to make use of them for their learning activities.


3. To ensure participation of students in the usage and upkeeping on ICT equipments at schools, thereby increasing the productivity of the school is ICT enabled learning.

4. To empower students to undertaken minor technical issues of ICT equipments.

5. To enrich students on proper and safe internet usage and cyber security, and also to inculcate the importance of language computing.

നന്മമരം

# ചില നല്ല നിമിഷങ്ങൾ

















# Vypeen Sub-district IT Fair

## (2018-2019)

The (2018-2019) Vypeen Sub-district IT Fair was hoisted by SDPY KPMHS, Edavanakad on 26/10/2018. The fair started at sharp 9:30am with registration. The school IT lab was arranged for this purpose. Around 59 participants from both HS and HSS section took part in the fair, which was really a good number from an 'island' Sub-district. Since the UP-Section was avoided this time due to technical reasons, generally the fair ran without much rush.

The fair went through to diverse categories. Digital Painting, Web designing, Multimedia Presentation, IT Project, Malayalam typing and IT Quiz, of which the IT Quiz was conducted a little earlier on 23/10/2018.

The judging committee was enriched with eminent and resourceful personalities from KITE, Ernakulam. Sri M. Devarajan, Smt Swapna. J. Nair, Sri Michael Angelo, Sri Biju, Sri Rajendra Prasad. Despite these personalities the presence of Smt Maya C.P, (HAS, SMHSS Cherai) and Sri Jose (HAS, LFHS Narakkal) further boosted the spirit of the participants to encounter the challenge.

18 Laptop and 10 desktops were arranged for the competition, which enhanced the smooth and timely running of the competitions.

Malayalam typing and digital painting of the HS and HSS section were the first to be held as part of the fair followed by Multimedia Presentation and Digital Painting. If 'Dam mishap in Kerala was the subject for digital painters, and web designers, the Multimedia presenters were entrusted with 'Hi-tech classrooms' a very relevant topic.

The participants of the IT Projects were directed to one of the Hi-tech rooms

in the school were the contestants performed at an excellent level.

The competitions came to an end by 1:00pm and the students were given a handful of suggestions by Sri M. Devarajan Sir.

The results were displayed on the notice board periodically after each session.

The list of eligible participants to the district level Fair are as follows

<u>HS-Section</u>

| Rank | Item | Name of the participant | School |
|---|---|---|---|
| 1 | Digital Painting | Gift Thomas | LFHS, Narakkal |
| 2 | Digital Painting | Subhalakshmi V.T | St. Augustine GHS, Kuzhuppilly |
| | | | |
| 1 | Multimedia Presentation | Gokul Krishna.N | SDPY KPMHS, Edavanakad |
| 2 | Multimedia Presentation | Abdul Hadhic.S | HIHSS, Edavanakad |
| | | | |
| 1 | Web Page Designing | Dheeraj P.S | SDPY KPMHS, Edavanakad |
| 2 | Web Page Designing | Alen Vincent | LFHS, Narakkal |
| | | | |
| 1 | Malayalam Typing | Aswin K.B | HIHSS, Edavanakad |
| 2 | Malayalam Typing | Anjana K.P | LFHS, Narakkal |
| | | | |

| | | | |
|---|---|---|---|
| 1 | IT Project | Devaki P.S | St. Augustine GHS, Kuzhuppilly |
| 2 | IT Project | Aswathy K.N | Rama Varma Union HS, Cherai |
| 1 | IT Quiz | Edwin M.S | St. Mary’s, Palliport |
| 2 | IT Quiz | Aswin Abhilash | RVUHS, Cherai |

HSS-Section

| Rank | Item | Name of participant | School |
|---|---|---|---|
| 1 | Digital Painting | Anna Martin.A | SMHSS, Cherai |
| 2 | Digital Painting | Abhirami Shibu.P | St. Augustine GHS, Kuzhuppilly |
| | | | |
| 1 | Multimedia Presentation | Gladvi K.T | St. Augustine GHS, Kuzhuppilly |
| | | | |
| 1 | Web Page Designing | Nidhisree Mohan | St. Augustine GHS, Kuzhuppilly |
| | | | |
| 1 | Malayalam Typing | Anu Antony | SMHSS, Cherai |
| 2 | Malayalam Typing | Krishna Priya K.K | St. Augustine GHS, Kuzhuppilly |
| | | | |
| 1 | IT Quiz | Athul.M Jayan | BVHS, Nayarambalam |
| 2 | IT Quiz | Krishna Priya K.K | St. Augustine GHS, Kuzhuppilly |

The fair witnessed a group of really creative, vibrant and enthusiastic children who are sure to become real assets to our nations

By
SREEJA K.V

നന്മമരം

# IT FAIR

















## നാൾവഴികളിലൂടെ

വിവധ മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ച നിരവധി പ്രതിഭകളെ വാർത്തെടുത്ത ഒരു വിദ്യാലയമാണ് എസ്.ഡി.പി.വൈ കെ.പി.എം ഹൈസ്കൂൾ. വൈപ്പിൻകരയുടെ ഏതാണ്ട് മധ്യഭാഗത്തായി സ്ഥിതിചെയ്യുന്ന ഈ വിദ്യാലയം ഇപ്പോൾ ഇപ്പോൾ എൺപതാം വാർഷികത്തിന്റെ നിറവിലെത്തിനിൽക്കുന്നു.

ആദ്യകാലത്ത് എൽ.എസ് എടവനക്കാട് എന്നായിരുന്നു. ഈ വിദ്യാലയം അറിയപ്പെട്ടത്. 1950 ൽ ഹൈസ്കൂളായി ഉയർത്തപ്പെട്ടു. സ്കൂളിന്റെ മാനേജറും ഹെഡ്മാസ്റ്ററുമായിരുന്ന ചെള്ളാമഠത്തിൽ കുമാരപ്പണിക്കരുടെ പരിശ്രമത്താൽ വളർന്ന ഈ വിദ്യാലയത്തിന് അദ്ദേഹത്തിന്റെ സ്മരണാർത്ഥമാണ് കുമാരപ്പണിക്കർ മെമ്മോറിയൽ ഹൈസ്കൂൾ എന്ന് പേര് കൈവന്നത്. പശ്ചിമകൊച്ചിയിൽ നിരവധി വിദ്യാഭ്യാസസ്ഥാപനങ്ങളുള്ള പള്ളുരുത്തി ശ്രീധർമ്മ പരിപാലനയോഗം 2008 ൽ നിയന്ത്രണമേറ്റെയുത്തതോടെ ഇപ്പോഴുള്ള പേര് കൈവന്നു.

സിനിമാതാരങ്ങളായ വിൻസന്റ്,സിദ്ദിഖ്,മജീദ്, സംവിധായകനായ കെ,പി വ്യാസൻ,മേക്കപ്പ്മാൻ മണി എന്നിവരടക്കമുള്ള നിരവധി പ്രതിഭകൾ പൂർവവിദ്യാർത്ഥികളുടെ ഗണത്തിലുണ്ട്. ഗപ്പി എന്ന സിനിമയിലെ തകർപ്പൻ പ്രകടനത്തിലൂടെ മികച്ച ബാലതാരത്തിനുള്ള സംസ്ഥാന ചലച്ചിത്ര പുരസ്കാരം കരസ്ഥമാക്കിയ ചേതൻ ജെ ലാലും ഈ വർഷം അവരുടെ ശ്രേണിയിലേക്കെത്തുകയുണ്ടായി.

ഇക്കഴിഞ്ഞ പത്തുവർഷംകൊണ്ട് വിദ്യാർത്ഥികളുടെ എണ്ണം ഇരട്ടിയിലേറെയായി വർദ്ധിച്ച വിജയകഥയാണ് ഈ വിദ്യാലയത്തിന് പറയാനുള്ളത്. ശക്തമായ ഒരു മാനേജ്മെന്റിന് കീഴിൽ അണിനിരന്ന അധ്യാപകരുടേയും ഇതര ജീവനക്കാരുടേയും വിദ്യാർത്ഥികളുടേയും രക്ഷകർത്താക്കളുടേയും പി.ടി.എയുടേയും അക്ഷീണ പരിശ്രമമാണ് ഈ

അഭ്യുന്നതിക്ക് പിന്നിലുള്ളത്. അതുകൊണ്ട് തന്നെ എം.എൽ.എ എസ്.ശർമ്മ വൈപ്പിൻ നിയോജകമണ്ടലത്തിൽ ഏർപ്പെടുത്തിയ വെളിച്ചം

തീവ്രവിദ്യാഭ്യാസപരിപാടിയുടെ ഭാഗമായി മികച്ച കൂട്ടായ്മയ്ക്കുള്ള പുരസ്കാരം ഒന്നിലേറെ തവണ ഈ വിദ്യാലയത്തെ തേടിയെത്തി.

സ്റ്റുഡന്റ് പോലീസ് പ്രൊഡക്ട് ,നേവൽ എന്.സി.സി,ജൂനി.ർ റെഡ്ക്രോസ് എന്നിങ്ങനെ പ്രധാനപ്പെട്ട മൂന്ന് കേഡറ്റ് വിങ്ങുകളാണ് ഇവിടെ പ്രവർത്തിക്കുന്നത്. ഇക്കൂട്ടത്തിൽ സംസ്ഥാനത്തെ ഏറ്റവും മികച്ച ജൂനിയർ റെഡ്ക്രോസ് യൂണിറ്റായി ഈ വിദ്യാലയത്തെ തെരഞ്ഞെടുക്കുകയും ചെയ്തു. കൂടാതെ പരിസ്ഥിതി ക്ലബ്ബ്,ലഹരിവിരുദ്ധക്ലബ്ബ്,വിദ്യാരംഗം കലാസാഹിത്യ വേദി,നല്ലപാഠം ക്ലബ്ബ്,സീഡ് ക്ലബ്ബടക്കം നിരവധി കേലബ്ബുകൾ ഇവിടെ പ്രവർത്തിച്ച് പോരുന്നു.

കുട്ടികളിൽ അന്തർലീനമായ കഴിവുകൾ തിരിച്ചറിഞ്ഞ് പരിപോഷിപ്പിക്കുന്നതിനുള്ള ജാഗ്രത ഓരോ അദ്ധ്യാപകർക്കുമുണ്ട്. അദ്ധ്യാപകരുടെ പരിശ്രമത്തോടെ സ്കൂൾ കലോൽസവങ്ങളിലും കഴിഞ്ഞ രണ്ടു വർഷവും ആദ്യമൂന്ന് സ്ഥാനങ്ങളിലേക്കെത്താൻ കഴിഞ്ഞത് അഭിമാനകരമായ നേട്ടമാണ്.2017 ഇൽ നടന്ന മാസ്റ്റേഴ്സ് അത്ലറ്റിക് മീറ്റിൽ പോൾവാൾട്ടിൽ ദേശീയ ചാംപ്യൻഷിപ് കരസ്ഥമാക്കിയ കായികാധ്യാപകൻ ജോസഫ് ആൻഡ്രൂ കുട്ടികൾക്ക് പ്രചോദനമാകണം എന്ന ദൃഢനിശ്ചയത്തോടെ ഇപ്പോഴും പരിശീലന ചെയ്യുന്നത് മറ്റൊരു മികച്ചമാതൃകയാണ്.

ഓരോ വിദ്യാർത്ഥിയും നാളത്തേപൗരനാണെന്ന ബോധത്തോടെയാണ് അധ്യാപകർ കുട്ടികളെ സമീപിക്കുന്നത് അതുകൊണ്ടുതന്നെ പഠനത്തോടൊപ്പം തന്നെ പഠ്യേതരപ്രവർത്തനങ്ങൾക്കും പ്രാമുഖ്യം നൽകിയാണ് ഷൂലിലെ പ്രവർത്തനങ്ങൾ മുന്നോട്ടുപോകുന്നത്.കൃഷിപാഠങ്ങൾ ,പ്രവൃത്തിപരിചയ പരിശീലനം ,സംഗീതപഠനം

എന്നിവ കുട്ടികൾക്ക് നൽകുന്നതിൽ അധ്യാപകർ പ്രത്യേകം ശ്രദ്ധിക്കുന്നുണ്ട്. ഇതിനായി ഈ രംഗത്ത് കഴിവ് തെളിയിച്ച വ്യക്തികളുടെ സഹായം തേടാറുമുണ്ട്. പള്ളുരുത്തി ശ്രീ ധർമപരിപാലനയോഗം സ്കൂളുകളുടെ നേതൃത്വം വഹിക്കുന്ന ശ്രീ.സി.പി കിഷോർ ആണ് സ്കൂൾ മാനേജർ .എം.ബി.അയൂബ് പി.ടി.എ

പ്രസിഡന്റായും കെ.എ.അബ്ദുൽ വാഹിദ് പി.ടി.എ വൈസ് പ്രസിഡന്റായും പ്രവർത്തിക്കുന്ന പി.ടി.എ കമ്മറ്റിയും വിദ്യാലയത്തിന് മികച്ച പിന്തുണയുമായി ഒപ്പമുണ്ട്.എ.കെ.ശ്രീകലയാണ് പ്രധാന അദ്ധ്യാപിക.







എടവനക്കാട് എസ്.ഡി.പി.വൈ കെ.പി.എം.ഹൈസ്കൂളിലെ ജൂനിയർ റെഡ്ക്രോസ് കേഡറ്റുകൾ ഈ വർഷത്തെ പുതുവത്സരദിനം ഞാറക്കൽ ലിറ്റിൽ ഫ്ലവർ പുവർ ഹോമിലെ അമ്മമാർക്കൊപ്പം ആഘോഷിക്കുന്നു.




MASTERS ATHLETICS CHAMP
Organizer: Asia Masters Athletics
Chinese Athletic Association
Kunshan Do-Win Sport Goods.,Ltd
Date : September24 - 28, 201
Venue : Rugao Olympic Sports Cen
Rugao Municipal People's Governmen


സംസ്ഥാന ചലച്ചിത്ര അവാർഡ് 2016
മികച്ച ബാലതാരത്തിനുള്ള സംസ്ഥാന ചലച്ചിത്ര അവാർഡ്
കരസ്ഥമാക്കിയ ചേതൻ ജെ ലാൽ
(എറണാകുളം എടവനക്കാട്
എസ്. ഡി. പി. വൈ കെ. പി. എം ഹൈസ്ക്കൂളിലെ
പത്താം ക്ലാസ്‌വിദ്യാർത്ഥി)
ചേതന് ഈ നാടിന്റെ അഭിനന്ദനങ്ങൾ!



# <u>കേരളം അനുഭവിച്ച പ്രളയം</u>

ദൈവത്തിന്റെ സ്വന്തം നാടായ കേരളം അനുഭവിച്ച പ്രളയവും മണ്ണിടിച്ചിൽ,ഉരുൾപ്പൊട്ടൽ എല്ലാ ദുരന്തവും ഏറ്റു വാങ്ങി ലക്ഷക്കണക്കിനാളുകൾ ഒറ്റപ്പെട്ടുപോയി. ലോകം കണ്ട മഹാദുരന്തങ്ങളിൽ ഒന്നായി മാറി. വീടുകളിൽ നിന്നും ക്യാമ്പുകളിലേക്കും അവിടെനിന്നും മറ്റ്ക്യാമ്പുകളിലേക്കും മാറി മാറിയുള്ള പാലായനം. അങ്ങനെ ദുരന്തം അതിജീവിച്ച നാളുകൾ അനുഭവങ്ങളുടെ കുമ്പാരമാണ് ജനങ്ങൾക്ക് സമ്മാനിച്ചത്. പ്രകൃതിക്ക് മുന്നിൽ മനുഷ്യരെത്ര നിസ്സഹായരും നിരായുധനുമാണെന്ന് കേരളം തിരിച്ചറിയുകയാണ്. മനുഷ്യർ ജാതി,മതം എന്നില്ലാതെ ഒറ്റകെട്ടായി സഹായിക്കുന്നത് നാമെല്ലാവരും നേരിൽ കണ്ടു. കേരളമെന്നും അങ്ങനെതന്നെയാകട്ടെ.

FATHIMA FARSANA
9 E

# SKY

In the sky
where butterflies
dressed in vibrant colour
fly with freedom

and the clouds that make me dream
take me to faraway lands,
of angels singing beautiful hymns
and the first thing that appears in the sky,

is the sunrise
made more beautiful
by the sky so vast
gives me a new hope
welcomes everyone's hope and dreams,
and gives a chance
to wish upon
a shooting star.....
and my heart says,
i know your drams will come true,
i will leave my signature
in the vast skies of this world.

# പരിശ്രമം

തിളങ്ങിടേണ്ടൊരു രക്തം നമ്മൾ
ഉരച്ചൊരുക്കും പോൽ
വിളങ്ങിടാനകമാര ജനിപ്പിൽ
വിയർപ്പൊഴുക്കേണം !
അകത്തു നിറഞ്ഞിടുമാശകൾ
തീർക്കാൻ പരിശ്രമിക്കേണ്ടവർ
നാം ഉറങ്ങിമാത്രം കിനാവുകൾ
കാണാൻ ഉറക്കമറ്റിടും



***By***

***K.G HARI KUMAR***
***TEACHER***

# ഓർമ്മയിലെ  മഞ്ഞപ്പൂക്കളേൾ

ചീറിപായുകയാണ് ട്രെയിൻ അതിലും വേഗത്തിലായിരുന്നുനന്ദന് മനസ്സ് എന്തിൽ നിന്നോ എവിടെ നിന്നോ ഓടി രക്ഷപ്പെടുന്നപോലെ....തന്റെ സമീപത്തിരിക്കുന്നവർ ആരെന്നോ എവിടെ പോകുന്നുവോ നന്ദനറിയില്ല , അറിയാൻ ശ്രമിച്ചില്ലെന്ന് പറയുന്നതാവും ശരി. തിരിച്ചും ചോദ്യങ്ങൾ ഉണ്ടാകുമെന്ന് ഭയന്നു , കുടുംബത്തെക്കുറിച്ച്....

ഏതോ ഒരു സ്റ്റേഷനിൽ ട്രെയിൻ നിർത്തി ആളുകൾ കയറുകയും ഇറങ്ങുകയും ചെയ്തു സർ പൂവേണോ! നല്ല മഞ്ഞപ്പൂക്കൾ! ഒരു കുട്ടി ഓടി തൻെ്റ സമീപത്തു വന്നു ചോദിച്ചപ്പോഴാണ് പരിസബോധം ഉണ്ടായത്. കുട്ടിയുടെ മുഖത്തേക്കും പൂ  ട്ടയിലേക്കും മാറി മാറി നോക്കി. ആ പൂക്കൾ കണ്ടപ്പോൾ എന്തോ വലിഞ്ഞുമുറുകുന്നതുപോലെ തോന്നി.

ഒരു നിമിഷം ലക്ഷ്മിയെ ഓർത്തോ.........? ലക്ഷ്മി തൻെറ സഹപാഠി.... സഹപാഠി മാത്രമായിരുന്നോ ? ലക്ഷ്മി എന്നും പറയും നന്ദൻ നമ്മുടെ വീട്ടിൽ നിറയെ പൂക്കൾ വേണം മഞ്ഞപൂക്കൾ അതിനുനടുവിൽ നമുക്ക് ജീവിക്കാം . ആ മഞ്ഞനിറം തനിക്ക് നഷ്ടപ്പെട്ടതാണ് ശ്രീക്കുട്ടി വീട്ടിൽ വന്നപ്പോഴാണ് ? അതോ ലക്ഷമിയുടെ സ്ഥാനത്ത് അമ്മ ശ്രിക്കുട്ടിയെ നീക്കിനിർത്തിയപ്പോഴോ.... അമ്മയുടെ

## നന്മമരം

വാക്ക് നിലനിൽക്കുന്നതിനുവേണ്ടി താൻ കൊടുത്ത വാക്കിനെ മനഃപ്പൂർവ്വം മറക്കേണ്ടി വന്നു .

അന്നു മുതൽ നന്ദൻ എന്ന വ്യക്തി മരിച്ചു . പകരം കീ കൊടുത്താൽ ചലിക്കുന്ന ഒരു പാവമാത്രം എന്തിനേയേയും സംശയത്തിന്റെ കണ്ണുകൊണ്ടു മാത്രമേ

ശ്രീക്കുട്ടി നോക്കുകയുള്ളൂ . താൻ എവിടെ പോയാലും കൂടെ വരണമെന്നു ശഠിക്കും ഒരു തരം ചങ്ങല . ഇന്നത്തെ ഈ യാത്രയിൽ നിന്നും മനഃപ്പൂർവ്വം ഒഴിവാക്കിയതാണ് . ആ സമയം അവളുടെ കണ്ണുകളിലെ സംശയത്തിന്റെ നിഴലിനെ അവഗണിച്ചു .

തിരുവനന്തപുരത്ത് നേരത്തെ തന്നെ നന്ദൻ എത്തി സെമിനാർ നടക്കുന്നതിന് ഇനിയും സമയമുണ്ട് . മുഖമെല്ലാം കഴുകി വെറുതെ അന്ന് അവതരിപ്പിക്കുന്ന പ്രബന്ധം ഒന്ന് ഓടിച്ചു നോക്കി . ഇന്നത്തെ പ്രമുഖ പ്രബന്ധം അവതരിപ്പിക്കുന്നത് ആരാണെന്ന് അറിയില്ല . നേരത്തെ അറിയിച്ചതിൽ നിന്നും മാറ്റം ഉണ്ടെന്ന് അറിഞ്ഞു . തന്റെ സമിപത്തേക്ക് വന്ന സംഘാടകരോട് ഒന്നന്വേഷിച്ചു .

ലക്ഷ്മിമേനോനാണ് സർ , ഡൽഹി യുണിവേഴ്സിറ്റി -യിൽ നിന്ന് . ലക്ഷമിമേനോൻ തന്റെ പഴയ ലക്ഷമിയാണെന്ന് അറിഞ്ഞില്ല . ലക്ഷമിക്ക് അധികം മാറ്റമൊന്നും സംഭവിച്ചിട്ടില്ല . മുഖത്തെ ശോഭ ഒന്ന് മങ്ങിയിട്ടുണ്ട് . അത് തന്റെ തോന്നലോ....

സെമിനാർ കഴിഞ്ഞ് പുറത്തിറങ്ങിയപ്പോൾ തന്റെ സമീപത്തേക്ക് ലക്ഷ്മി വന്നു . 'നന്ദൻ' ശ്രീക്കുട്ടിക്ക് സുഖം തന്നെയല്ലേ ? ഒരായിരം സൂചികൾ ഒരുമിച്ചു കുത്തികയറുന്നതുപ്പോ ലെ തോന്നി . 'ഉം' എന്നു യാന്ത്രികമായി മൂളി .

By

Sreerag, 6D

# അകത്തളത്തിലെ വിഷാദം

സമയം 11.45 വേദിയിൽ അട്ടവിളക്ക് തെളിഞ്ഞു . കഥാപാത്രങ്ങൾ വേഷം ധരിച്ച് വന്നു അട്ടവിളക്ക് തൊട്ടുവിളങ്ങി . അത്തോലമ്മയുടെ നേര്യതിന്റെ സ്ഥാനം യൂണിഫോം അപഹരിച്ചു. ശാന്തഭാവത്തോടെ ഡോക്ടറും ശൃംഗാര ഭാവത്തോടെ നേഴ്സും വേദിയിലേക്ക് പ്രവേശിച്ചു . പുറത്ത് മൂട്ട കടികൊണ്ട് വിശ്രമിക്കുന്നവരുടെ വദനത്തിൽ ഭയാനകം  വിളയാടി. ഇതൊന്നും അറിയാതെ അകത്തളത്തിലെ ഉണ്ണി ഹാസ്യച്ചിരി ചിരിച്ചു . കീചകവധത്തിലെ ഭീമനും കീചകനും പോലെ ഡോക്ടർ കത്തിയും കത്രികയുമായി മല്ലയുദ്ധം തുടങ്ങി . 'ഘര്' എന്ന ശബ്ദത്തോടെ  നിണം തന്റെ ഘോഷയാത്ര ആരംഭിച്ചു . പോർ വിളിയും ദ്വന്ദ്വയുദ്ധവും കഴിഞ്ഞ് ഡോക്ടർ ശാന്തരസത്തോടെ ആത്തോലമ്മയുടെ അകത്തളത്തിലെ ഉണ്ണിക്ക് മോചനം നൽകി പുറത്തുവരുമ്പോൾ അങ്ങ് ചക്രവാളത്തിൽ അർക്കൻ തന്റെ പ്രണയത്തിനൊരുങ്ങുകയായിരുന്നു........

By

Sreerag ,6D

# സ്നേഹ ദുർഗ്ഗ

കൈയിലിരിക്കുന്ന പുസ്തകം പുറത്തേക്ക് വലിച്ചെറിഞ്ഞുകൊണ്ട് അക്കു അകത്തേക്കോടി . തന്റെ ഉടുപ്പ് വീട്ടിൽ വന്നിരിക്കുന്ന ഭിക്ഷക്കാരിയുടെ കുട്ടിക്ക് കൊടുക്കുവാൻ പോകുന്ന അമ്മ .

സഹിക്കാൻ പറ്റിയില്ല അക്കുവിനത് .ഉടുപ്പ് തട്ടിപറിച്ചുകൊണ്ട് തന്റെ മുഖം കഴിയുന്നത്രയും വീർപ്പിച്ച് അമ്മയെ ഒന്ന് നോക്കി......

ഈ പെണ്ണെന്താ ഇങ്ങനെയെന്ന പറഞ്ഞ് പൈസ കൊടുത്ത് പറഞ്ഞയച്ചു. ചിലവസരത്തിൽ അവൾ സ്നേഹത്തിന്റെ പര്യായമാകും മറ്റുചിലപ്പോൾ കൊടുങ്ങല്ലൂരമ്മയായി ആടിതിമിർക്കും ആരോടാണ് എന്താണ് പറയേണ്ടതെന്ന് അവൾക്ക് രൂപമില്ല . പാർലമെൻറിൽ പ്രതിപക്ഷം ഇടയ്ക്കിടെ വാക്കൗട്ട് ചെയ്യുന്നതുപോലെ ഒരു പ്രതീതി ഉണ്ടാക്കി അവൾ പോകും.

ചെറുപ്രായത്തിലെ കാര്യമല്ലെ മാറും മാറാതിരിക്കില്ല . അമ്മ പലപ്പോഴും പറയുന്ന വാചകം പോലെ മാറും മാറാതിരിക്കില്ല........

BY

Sreerag,6D

# സഫലമീ ജീവിതം

അലറിചിരിക്കുന്ന ഒരു കടലിനെ മുഴുവൻ മനസ്സിലേക്ക് ആവാഹിച്ചു കൊണ്ടാണ് സുഭാഷ് അന്ന് വീട്ടിൽ നിന്നിറങ്ങിയത്. മുഖത്ത് ഒരു പച്ച ചിരി വരുത്തി കോളേജിലേക്ക് പ്രവേശിച്ചു.

ആരെയാണ് ഇന്ന് പ്രതികൂട്ടിൽ നിർത്തേണ്ടതെന്ന് തിരച്ചിൽ തുടങ്ങി. ആദ്യത്തെ വെടി ഭാര്യയോട് തീർത്തു. കറിക്കരിഞ്ഞ പച്ചകറിക്ക് നീളം കുറഞ്ഞുവോയെന്ന് പറഞ്ഞ് അവളെ ഒന്നു ചാടിച്ചു.ഭാഗ്യം അവൾ സ്ത്രീ സംവരണത്തെപ്പറ്റി അറിഞ്ഞിട്ടില്ല.അവൾക്ക് പാത്രം ഒരലർജിയായത് ഭാഗ്യം."സർ നാളെ ഞാൻ ഹോസ്പിറ്റലിൽ ഒന്നു പോകും വരാൻ സാധിക്കില്ല ".അനുവാദം ചോദിക്കാനെത്തിയ കുട്ടിയോട് നന്ദി പറഞ്ഞെങ്കിലും പുറത്ത് ഗൗരവം അഭിനയിച്ച് കുട്ടിയെ പറഞ്ഞയച്ചു . ഇങ്ങനെ ഭാവം മാറാൻ സാധിക്കുമായിരുന്നെന്ന് അറിയാമായിരുന്നെങ്കിൽ സിനിമയിൽ ഒരു വേഷം ചെയ്യാമായിരുന്നെന്ന് ഇപ്പോൾ ആലോചിച്ചു തുടങ്ങിയിട്ടുണ്ട്.

ചെന്നപ്പാടെ തന്നെ ഇന്നലെ  വരാത്തവരോട് എഴുന്നേറ്റുനില്ക്കാൻ പറഞ്ഞു, അല്ല ആജ്ഞാപിച്ചു.... ഓരോ കുട്ടിയുടെയും മുഖത്ത് വിരിയുന്ന ഭാവത്തെ കണ്ട് മനസ്സിൽ ചിരിച്ചു. ആവശ്യത്തിൽ കൂടുതൽ ഉപദേശങ്ങൾ ഇംഗ്ലീഷിൽ പറഞ്ഞുക്കൊണ്ട് സന്തോഷത്തോടെ ഓഫിസിലേക്ക് പോന്നു .

ഇന്റേണൽ മാർക്ക് ഉള്ളതുകൊണ്ടാണ് തന്റെ ഉപദേശത്തെ ആ കുട്ടികൾ ഭയക്കുന്നത്. വിദ്യാഭ്യാസവകുപ്പിന്റെ സമ്പ്രദായത്തോട് ഈ അവസരത്തിൽ അല്പം ഭക്തിതോന്നി.

By

# കാട്ടിലെ പ്രളയം

ഒരിക്കൽ ആനപ്പാറക്കാട്ടിൽ വളരെയധികം മൃഗങ്ങൾ താമസിരുന്നു. അവർ വളരെ ഒത്തൊരുമയോടെ താമസിച്ചിരുന്നു. എല്ലാ മൃഗങ്ങളേയും സിംഹരാജൻ വളരെയധികം സ്നേഹിച്ചിരുന്നു. സിംഹരാജൻ ഒരു ദിവസം വിശ്രമിക്കുകയായിരുന്നു.അപ്പോൾ ഒരു ഭീകരമായ ശബ്ദം കേട്ടു. കണ്ണ് തുറന്ന് നോക്കിയപ്പോൾ ഗുഹയിലേക്ക് വെള്ളം ഒഴുകിവരുന്നു. രാത്രിയായതിനാൽ മറ്റ് മൃഗങ്ങൾ നല്ല ഉറക്കത്തിൽ ആയിരുന്നു. സിംഹരാജൻ ഒച്ചവെച്ച് മറ്റ് മൃഗങ്ങളെ ഉണർത്തി. ചെറിയ മൃഗങ്ങേയെല്ലാം തന്റെ പുറത്ത് കയറ്റി സുരക്ഷിതമായ സ്ഥലങ്ങളിലേക്ക് മാറ്റി. വെള്ളം വറ്റിയപ്പോൾ അവർ തിരിച്ച് മടങ്ങി. തങ്ങളെ രക്ഷപ്പെടുത്തിയതിന് മൃഗങ്ങൾ സിംഹരാജന് നന്ദിപറഞ്ഞു.

By

Agina Rajesh ,5B


# Smile



A smile is much valuable
which is not measurable
which cannot be defined
by anyone
Its a blessing from god
to everyone

smile carefully at your friends
and for hatred once
today, by using the smileys
symbols on the cyber space
we forget ourselves to
smile at each other

smile is a treasure
that cannot be borrowed
or bought
it is the sing of happiness
so, all of you, please try
to smile at each other
have a blissful smile
always on your face




# പ്രളയം

ഞാൻ അഞ്ചാംക്ലാസ്സിൽ പഠിക്കുമ്പോഴാണ് പ്രളയം വന്നത്. വീടുകളും പാലങ്ങളും തകർന്ന് മുങ്ങി. അവസ്ഥയിലായിരുന്നു. റോഡുകൾ വിണ്ടു കീറിയ അവസ്ഥയിലാണ്, ആളുകൾ ഭയക്കുന്നുമുണ്ട്. എല്ലാ ആളുകളും ക്യാമ്പിലായിരുന്നു. പ്രളയം വരുന്നത് ആർക്കും അറിയുമായിരുന്നില്ല. പല സാധനങ്ങളും ബുക്കുകളും കാണാതായിട്ടുണ്ട്. പലസ്ഥലത്തും വീടുകൾ ഒലിച്ചു പോയി. വീടിന്റെ അകത്ത് വെള്ളം കയറിയവരുമുണ്ട് ഉരുൾപൊട്ടൽ സംഭവിച്ചവരുമുണ്ട്. ആളുകൾ കുറെ മരിച്ചു. കടലിന്റെ മക്കൾ ആണ് രക്ഷിക്കാൻ വന്നത്. പലകൃഷികളും നശിച്ചു. കടലിന്റെ മക്കളെ കൂടാതെ നമ്മുടെ കേന്ദ്രസൈന്യവും അത് കൂടാതെ നമ്മുടെ നേവിയും നാട്ടുകാരും കൂടെയുണ്ടായിരുന്നു.

By

Alfiya ,5B

# Bed in summer....




In winter  get up at night
and dress by yellow candle light.
In  summer,quite the other way,
i have to go to bed by day.

I have to go to bed and see
the birds still hoping on the tree,
or her the grown-up people's feet
still going past me in the street.

And does it not seen hard to you,
when all the sky is clear andblue,
and i should like so much to play
to have to go to bed by day?

# GRACE CALLS HER FRIENDS

There is a storm in the jungle. The wind is blowing and it is raining heavily. The birds and animals are in their homes. Some of them are watching the rain.

Pretty, the sparrow, is in her nest. She is huddled up in her nest . She is afraid of the wind . Her mango tree is shaking. There is a sudden gust of wind and pretty nest falls down. Poor pretty! She is wet and unhappy. She goes to Grace ,the giraffe . Grace is her friend. Grace looks after pretty. She blows on the sparrow and dries her feathers . Then she giver some nuts. 'Don't worry , my friend', she tells pretty,'we'll do something it is morning. The storm is over. The sun is shining . Pretty and Grace go to the mango tree. 'look, Grace', Pretty say s,'look at these twigs and feathers. That was my nest .' I have no home now'. Tear roll down her face . “don't worry , my friends,' grace says,'you'll soon have a home.

Grace tells her friends . She tells the rabbit, the dove and the pigeon. She tells them , collect twigs, feathers and leaves, please.
It is evening. There is a pile of leaves,feather any twigs ,pretty puts them together. Look! She now has a lovely nest . It is bigger and more comfortable than her earlier one .

'Thank you very much,' Pretty says to Grace and her friends.'soon you'll have your babies', Grace says, 'yes i will.' my babies will also say “Thank you” to you.'

# <u>പൂവിന്റെ കൂട്ടുകാരൻ</u>

എന്നുടെ ചുണ്ടിലൊരുമ്മതരാൻ വരും
എന്നുടെ തോഴാ പൂമ്പാറ്റേ ......
നിന്നുടെ ചേലെഴമാടയിലെന്തിതാ
മഴവിൽക്കൊടിതൻ ഏഴഴകോ ?
നിറങ്ങളിങ്ങനെ നിന്നുടെയാടയിൽ
ചാർത്തിയതാരിതു ചൊല്ലാമോ?
പകരം ഞാനെൻ മധുരം മുഴുവൻ
പകർന്നു നൽകാം നിൻചുണ്ടിൽ

BY
George Aloysius
Teacher



# ജന്മനാടിനായ് ഉണരുക

സ്വകാര്യ സുന്ദരലബ്ധിക്കായി
സ്വജിവിതങ്ങളുഴന്നോർ
സ്വതന്ത്ര ഭാരത സ്‌വപ്നവുമായി
സ്വയം മറന്ന വരെയോർക്കേണം!

സ്വയം മറന്നവർ നാടിനായി
സ്വർഗം പൂകിയതോർക്കുമ്പോൾ
സ്വജിവിതങ്ങളീ നാടിനെ
സ്വർഗീയമാക്കാനുണരേണ്ടേ?






BY
K.G. Hari Kumar
Teacher



# കൗമാരവും യുവത്വവും ലഹരിയിൽ മുഴുകുന്നു.

ഞെട്ടിക്കുന്ന വർത്തകളുമായാണ് ലഹരിയുടെ വേരുകൾ പരതുന്ന മാധ്യമങ്ങൾ അനുദിനം മിഴിതുറക്കുന്നത്. ലഹരിയുടെ പുതിയ മേഖലകൾ കണ്ടെത്തുന്ന യുവത്വ-കൗമാരങ്ങളും ആ കണ്ടെത്തലുകളിലേയ്ക്ക് പാഞ്ഞടുക്കുന്ന കാക സമൂഹം പോലുള്ള അനേകായിരങ്ങളും.



പത്താം ക്ലാസ്സ കഴിഞ്ഞ് പ്ലസ് വൺന് അപേക്ഷ നൽകുന്നതുമായി ബന്ധപ്പെട്ട് സംശയങ്ങളുമായി രക്ഷകർത്താവിനോടൊപ്പം അധ്യാപകനെ സമീപിച്ച വിദ്യാർത്ഥിയുടെ കഴുത്തിൽ ഭംഗിയുള്ള ഒരു ഇലയുടെ ചിത്രത്തോടുകൂടിയ ലോക്കറ്റ്. കർശനമായി യൂണിഫോം നിബന്ധനകൾ വിദ്യാർത്ഥികൾ പാലിച്ചിരിക്കണമെന്ന് നിർബന്ധമുള്ള അധ്യാപകൻ ആ ലോക്കറ്റ് തിരിച്ചറിഞ്ഞു . കഞ്ചാവിന്റെ ഇലയുടെ ചിത്രമായിരുന്നു ആ ലോക്കറ്റിൽ . അധ്യാപകൻ രക്ഷകർത്താവിനോട് ആരാഞ്ഞു ഈ ഇല ഏതു ചെടിയുടേതാണെന്ന് അറിയാമോ? ഇല്ലെന്നായിരുന്നു രക്ഷാകർത്താവിന്റെ മറുപടി. കഞ്ചാവിന്റെ ഇലയുടെ ചിത്രമാണ് ലോക്കറ്റിലെന്ന് മനസ്സിലാക്കികൊണ്ട് തന്നെ അത് കഴുത്തിലണിഞ്ഞ തന്റെ മകനെകുറിച്ചോർത്ത് കരഞ്ഞുകൊണ്ടാണ് ആ രക്ഷാകർത്താവ് സ്കൂൾ വിട്ട് പോയത്.

ജമൈക്കൻ റെഗ്ഗെ ഗായകനും, ഗാനരചയിതാവുമായ ബോബ് മാർളിയും, ചെഗ്വേരയും തുടങ്ങി പല അറിയപ്പെടുന്ന വ്യക്തികളും കാഞ്ചാവും മറ്റ് ലഹരി വസ്തുക്കളും ഉപയോഗിച്ചിരുന്നവരായിരുന്നു എന്ന് ഇവ ഉപയോഗിക്കുന്ന കൗമാര -യുവ സമൂഹം ആഘോഷത്തോടുകൂടി പ്രഖ്യാപിക്കുകയും അവരുടേതിന് സമാനമായ വേഷ ഭൂഷാദികളും, താടി,മുടി,മീശകളും അനുകരിക്കാനും തത്രപ്പാട് കാണിക്കുകയും ചെയ്യുന്നു.

ഫ്ലൂറസെന്റ് നിറങ്ങളുടുകൂടിയ കൊന്തകളും,മാലകളും,ലോക്കറ്റുകളും, (ഉദാ:കഞ്ചാവിന്റെ ഇല)കീ ചെയിൻ ചരടുകൾ, ചെരുപ്പുകളും മോതിരങ്ങളും ഇത് ഉപയോഗിക്കുന്നവരുടെയും, ഉപയോഗിക്കാൻ സംഘം ചേരുന്നവരുടെയും,വില്പനക്കാരുടെയും, അടയാളങ്ങളായി പ്രചരിക്കുന്നു.ആൺ കുട്ടികളിലെ കണ്ണെഴുത്തും ഈ വിഭാഗത്തിലെ ഒരു പുതമായാണ്. കഞ്ചാവുപയോഗിച്ചിരുന്നവർ എന്നറിയപ്പെടുന്ന വ്യക്തികളുടെ ചിത്രങ്ങളും, ലഹരിയെ

ആഘോഷിക്കുന്ന വാക്കുകളോടോ,വാചകങ്ങളോടോ, അടയാളങ്ങളോടോ കൂടിയ പച്ചകുത്തുകളും, ടീ ഷർട്ടുകളും,ജീൻസുകളും തൊപ്പികളും ഇത്തരക്കാർക്കി
ടയിൽ പ്രചരിച്ച് വരുന്നു. പണ്ട് ചില നാട്ടുകളിലും സമുദായങ്ങളിലും നിലനിന്നിരുന്ന പുരുഷന്മാരിലെ കാത് കുത്ത് ഈ അടുത്ത കാലത്തായി കൗമാരക്കാരിലും യുവജനങ്ങളിലും ഒരു ഫാഷൻ ആയി നമ്മുടെ നാട്ടിൽ പ്രചരിക്കുന്നു. ലഹരി ഉപയോഗിക്കുന്നവർക്കിടയിൽ ഈ കമ്മലുകൾക്കുമുണ്ട് പ്രത്യേകതകൾ.

ആധുനിക നാഗരികതയുടെ വ്യർത്ഥതയ്ക്കെതിരെ യുവജനങ്ങളിലൊരു വിഭാഗം നടത്തുന്ന പ്രതിഷേധ പ്രസ്ഥാനമെന്ന നിലയിൽ ലോകത്താകമാനം പ്രചരിച്ച ഹിപ്പി പ്രസ്ഥാനം അമേരിക്ക,ബ്രിട്ടൻ,ഫ്രാൻസ്,ഇറ്റലി എന്നി രാജ്യങ്ങളിലൂടെ കടന്ന് നമ്മുടെ നാട്ടിൽ,അറുപതുകളുടെ അവസാനവും,എഴുപതുകളിലും പ്രചരിച്ചിരുന്നു. വൻ നഗരങ്ങളിലും കോളേജ് ക്യാമ്പസ്-ഹോസ്റ്റൽ,സർവ്വകലാശാലകൾ എന്നിവിടങ്ങളിലുള്ള യുവാക്കൾ കൂട്ടം ചേർന്ന് ജീവിക്കാനും,ആടാനും,പാടാനും,തിന്നാനും,കുടിക്കാനും,ലഹരിയിൽ മദിക്കാനും ഒത്തുചേർന്നിരുന്നവരായാണ് അന്നുള്ളവർ ഇവരെ കണ്ടിരുന്നത്. താടിയും മുടിയും നീട്ടിവളർത്തിയിരുന്ന,അലസമായി വേഷങ്ങൾ ധരിച്ചിരുന്ന ഹിപ്പികളെ അനുസ്മരിപ്പിക്കുന്ന രൂപങ്ങളുമായി ലഹരിയുടെ പുതുതലമുറ നമ്മുടെ നാട്ടിൽ വളരുന്നു. ഡിസ്കോകളും, റെയ്പ്പാർട്ടികളും ഈ ലഹരിക്കൂട്ടായ്മയുടെ പുതിയ രൂപങ്ങൾ ആണ്.



വിദ്യാർത്ഥികൾക്ക് വാങ്ങാൻ എളുപ്പമുള്ള വൈറ്റ്നറിലും, നെയിൽപോളിഷ് റിമൂവറിലും, ചിലതരം പശകളിലും പെയിന്റ്കളിലും ഉപയോഗിക്കുന്ന രാസവസ്തുക്കൾ ലഹരി നൽകുന്നു എന്നുള്ള കണ്ടുപിടുത്തം വിദ്യാർത്ഥികളിൽ ലഹരി ഉപയോഗം പ്രചരിക്കുന്നതിനും ലഹരിയുടെ മായാലോകത്തേക്കുള്ള യാത്രയുടെ തുടക്കവുമാകുന്നു. ഇടുക്കി ഗോൾഡ് പോലുള്ള ന്യൂ ജെനെറേഷൻ സിനിമകൾ ലഹരിയുടെ ലോകത്തിലെ ആഘോഷങ്ങളിലേക്ക്

പുതുതലമുറയെ ആകർഷിക്കില്ലേ?




മദ്യത്തെപോലെയോ ,പുകയില ഉൽപ്പന്നങ്ങളെപോലെയോ പരിചയമില്ലാത്തവർക്ക് കഞ്ചാവിന്റെയും,മറ്റു ലഹരി വസ്തുക്കളുടെയും ഗന്ധം പെട്ടെന്ന് തിരിച്ചറിയാനാവില്ല എന്നാണ് ലഹരി ഉപയോഗിക്കുന്നവരെ അതിന്റെ ഉപയോഗം എളുപ്പമാക്കുവാനും, രഹസ്യമായി വെക്കാനും സഹായിക്കുന്നത്. പൊലീസിന് ഊതിച്ചുനോക്കി പിടികൂടാനുമാകില്ല. ലഹരിയിൽ വണ്ടിയും ഓടിക്കാം. 11 - 14 വയസ്സുള്ള തിരിച്ചറിവില്ലാത്ത വിദ്യാർത്ഥികൾ ഒരിക്കലുപയോഗിച്ചാൽ വീണ്ടും വീണ്ടും ഇത് ഉപയോഗിക്കാൻ താല്പര്യം കാണിക്കുകയും അങ്ങനെ ലഹരിക്കടിമയായി കഴിഞ്ഞാൽ അതിൽ നിന്നുള്ള മോചനം അസാധ്യമായി വരികയുമാണ് ചെയ്യുന്നത്. കഞ്ചാവിലും, ഇഞ്ചക്ഷൻ ആയും ഗുളികയായും ലഹരിപദാർത്ഥമുള്ള കുപ്പിയിലെ പാമ്പിന്റെ കടിയായും മറ്റ് പല രൂപത്തിലും ലഹരി ഇപ്പോൾ ലാഭ്യമാകുന്നു.

പശ്ചിമഘട്ട സംരക്ഷണത്തെപ്പറ്റി വാചാലമാകുന്ന നമ്മൾ ന്യൂസ് ചാനലുകളിൽ മലയിറങ്ങിവരുന്ന കഞ്ചാവിനെ പറ്റിയുള്ള വാർത്തകൾ കേൾക്കാൻ ഇടവരുന്നു. പോലീസ് സേനയിലെയും എക്സൈസിലെയും,വനപാലകാരുടെയും എണ്ണത്തിലുള്ള കുറവ്, പശ്ചിമഘട്ട



മലനിരകളിലുള്ള കഞ്ചാവ് കൃഷിയെ പ്രോത്സാഹിപ്പിക്കുന്നു. സാറ്റലൈറ്റ് നിരീക്ഷണ സംവിധാനങ്ങളുള്ള ചന്ദ്രയാനുമായി മുന്നോട്ടുകുതിക്കുന്ന ഇന്ത്യയിൽ ഒരു തലമുറയെയും ജനതയെയും നശിപ്പിക്കാൻ ഒരുങ്ങുന്ന ഭീകരരെ ഉന്മൂലനം ചെയ്യാൻ ആവുന്നില്ലല്ലോ എന്ന് ഉള്ളത് ഖേദകരം തന്നെ. കഞ്ചാവ് വില്പന കണ്ട് ആന്റി നാർക്കോട്ടിക് സെല്ലിലേക്ക് ഫോൺ ചെയ്ത രക്ഷാകർത്താവിന് അർദ്ധരാത്രിയിൽ നേരിട്ട് എത്തി താക്കീത് നൽകിയ മയക്കു മരുന്ന് ലോബിയുടെ ഗുണ്ടകളുടെ ഭീഷണിക്കുമുമ്പിൽ പകച്ചു നിൽക്കാനേ കഴിഞ്ഞുള്ളൂ. വളരെ രഹസ്യമായ കാര്യങ്ങൾ ഇവർ എങ്ങനെ അറിയുന്നു?

ലഹരി വിലയ്ക്ക് വാങ്ങാനുള്ള തത്രപ്പാടിൽ മോഷണത്തിലേക്കും, പിടിച്ചുപറിയിലേക്കും , കൊലപാതകത്തിലേക്കും, ലഹരിക്ക് അടിമപെട്ടവർ നീങ്ങുന്നു. ലഹരി ഉപയോഗത്തിനുശേഷം അടിപിടി, അക്രമം,ലൈംഗികാതിക്രമങ്ങൾ, ഭീകരപ്രവർത്തനങ്ങൾ, കൊലപാതകം എന്നിവയിലും ഇവർ പങ്കാളികളാകുന്നു.

വിദ്യാർത്ഥികൾ മയക്കുമരുന്നിന്റെ 'കരിയർ' മാരായി മാറ്റപ്പെടുന്നു എന്നുള്ളത് ഏറ്റവും ഖേദകരമായ ഒരു സത്യമാണ് .മുതിർന്നവരെ അപേക്ഷിച്ച് പരിശോധനകളിൽനിന്ന് രക്ഷപെട്ട് ലക്ഷ്യസ്ഥാനങ്ങളിൽ ലഹരിവസ്തുക്കൾ എത്തിക്കാൻ വിദ്യാർത്ഥികൾക്ക് കഴിയും എന്നതും, ഹരി ഉപഭോക്താക്കളെ സൃഷ്ടിച്ച് കൂടുതൽ ലാഭം ഇതിൽനിന്നും ഉണ്ടാക്കാം എന്നതുമായിരിക്കണം മയക്കുമരുന്ന് ലോബിയുടെ ഈ നിലപാടിന്റെ ലക്‌ഷ്യം.




shutterstock.com • 389709391

എന്തുകൊണ്ടാണ് പുകയില ഉത്പന്നങ്ങളും മദ്യവും ,മയക്കുമരുന്നുകളും ഉപയോഗിക്കപ്പെടുന്നത്. അന്വേഷണത്തിൽ മനസിലാക്കാൻ കഴിഞ്ഞത് കുടുംബസാഹചര്യങ്ങളിൽ നിന്നോ കൂട്ടുകാരിൽ നിന്നോ അടുത്ത പരിചയക്കാരിൽ നിന്നോ,ബന്ധുക്കളിൽ നിന്നോ ഉള്ള പ്രേരണകളിൽ വിനോദത്തിനോ, ആഘോഷത്തിനോ ,ബോറടിമാറ്റുന്നതിനോ,മുതിർന്നവരായെന്ന് തെളിയിക്കാനോ വേണ്ടിയാണ്


നന്മമരം

കൂടുതൽവിദ്യാർത്ഥികളും ഇവ ഉപയോഗിച്ചുതുടങ്ങുന്നതെന്നാണ്. ചില വിദ്യാർത്ഥികളിൽ നിന്നും അധ്യാപകരിൽ നിന്നുള്ള കുറ്റപ്പെടുത്തലുകൾ,പ്രണയ നൈരാശ്യം,നിരാശ,പുതിയകാര്യങ്ങൾ പരീക്ഷിച്ചുനോക്കാനുള്ള താത്പര്യം മാനസിക സംഘർഷങ്ങൾ, പ്രശ്നങ്ങൾ നേരിടാനുള്ള മനോധൈര്യമില്ലായ്മ എന്നിവയും ഇതുപയോഗിക്കുവാനുള്ളപ്രേരണയാകുന്നുണ്ട്. ലഹരിവസ്തുക്കൾ ഉപയോഗിക്കുന്ന വിദ്യാർത്ഥികൾ നാട്ടിൻപുറങ്ങളിൽ ആൺകുട്ടികൾ മാത്രമാണ് എന്നാൽ നഗരങ്ങളിലേക്കെ ത്തു മ്പോൾ പെൺകുട്ടികളും ഇതുപയോഗിക്കുന്നതായി റിപ്പോർട്ടുകളുണ്ട് . ഇത്തരക്കാർ ഉത്സാഹക്കുറവ്,ദേഷ്യം,പഠനത്തിൽ പിന്നോക്കം പോകൽ എന്നീ ലക്ഷണങ്ങൾ കാണിക്കുന്നു.




ലഹരി ഉപയോഗത്തിൽപെട്ടുപോകുന്ന വിദ്യാർത്ഥികൾ മികച്ച കുടുംബാന്തരീക്ഷം ഇല്ലാത്തവരും മാതാപിതാക്കളുമായും സഹോദരങ്ങളുമായും,സുഹൃത്തുക്കളുമായും ഊഷ്മളതയും ആത്മാർത്ഥതയും നിറഞ്ഞ സ്നേഹ- വ്യക്തിബന്ധങ്ങൾ ഇല്ലാത്തവരും സമൂഹത്തോടോ നാടിനോടോ രാജ്യത്തോടോ നിർവഹിക്കേണ്ട കടമകൾ നിർവഹിക്കാൻ യാതൊരു താല്പര്യവും ഇല്ലാത്തവരുമായിരിക്കും ഇവർ ആത്മീയതയിൽ നിന്നും നന്മയിൽ നിന്നും അകന്നു നിൽക്കുന്നവരുമായിരിക്കും.

പഴമയിലെ നന്മയായിരുന്ന കൂട്ടുകുടുംബ വ്യവസ്ഥിതി ഇല്ലാതായതോടെ ശൈവ ബാല്യങ്ങളിലൂടെ കടന്നു വരുമ്പോഴേക്കും കുട്ടികൾ സ്വാർത്ഥരായി മാറിയിരിക്കും. അമ്മൂമ്മമാരിൽനിന്നും



## നന്മമരം

അപ്പൂപ്പന്മാരിൽനിന്നും മറ്റ് മുതിർന്നവരിൽനിന്നും കൂട്ടുകുടുംബത്തിൽ കുട്ടികൾക്ക് നല്കപ്പെട്ടിരുന്ന വിലമതിക്കാനാകാത്ത സ്നേഹവും വാത്സല്യവും കരുതലും പരിചരണവും ഇന്നത്തെ അണുകുടുംബത്തിലെ കുട്ടികൾക്ക് ലഭിക്കുന്നില്ല. ഉപജീവനത്തിനായുള്ള തത്രപ്പാടിൽ മാതാപിതാക്കൾ പായുമ്പോൾ ഇന്നത്ത അണുകുടുംബത്തിലെ കുട്ടികളുടെ സ്വഭാവ രൂപീകരണം ശരിയാം വണ്ണം നടക്കാതെ വരുന്നു. ജോലി ചെയ്തു ക്ഷീണിച്ചെത്തുന്ന രക്ഷകർത്താക്കൾ മക്കളോട് സംസാരിക്കുനനത്തിനുള്ള സമയം കണ്ടെത്താതെ വിശ്രമത്തിനും ടി വി കാണലിനും മറ്റ് വീട്ട് ജോലികൾക്കും സമയം ചെലവഴിക്കുന്നു. സന്ധ്യാജപവും കുടുംബപ്രാർത്ഥനകളും ഇല്ലാതാവുകയോ, കടത്തുകഴിക്കലാവുകയോ ചെയ്യുന്നു,ആത്മീയതയിൽനിന്നുളവാകുന്ന നന്മ കുട്ടികൾക്ക് ലഭിക്കാതെ വരികയോ നഷ്ടമാവുകയോ ചെയ്യുന്നു.



വിദ്യാലയങ്ങളിൽ സ്വഭാവ രൂപീകരണത്തെക്കാളുപരി കൂടുതൽ മാർക്ക് വിദ്യാർത്ഥികൾക്ക് ലഭിക്കുന്ന തരത്തിലുള്ള അധ്യാപനത്തിലേക്ക് അധ്യാപകർ പോകുന്നു. കൂടുതൽ വിജയ ശതമാനത്തിന് അമിത പ്രാധാന്യം നൽകുന്നതിലൂടെ മൂല്യാധിഷ്ഠിത വിദ്യാഭ്യാസം എന്ന ലക്ഷ്യം അകന്നുപോകുന്നു.അങ്ങനെ ആദർശധീരന്മാരായ പൗരന്മാരെ വാർത്തെടുക്കുന്നതിൽ നമ്മുടെ വിദ്യാഭ്യാസം പരാജയപ്പെടുന്നു. ഐ.എ.എസ് കാരനോ , ഡോക്ടറോ, എൻജിനീയറോ ആയാലും നല്ല മനുഷ്യനോ മനുഷ്യ സ്നേഹിയോ ആയില്ലെങ്കിൽ അവനെക്കൊണ്ട് കുടുംബത്തിനോ,നാടിനോ,രാജ്യത്തിനോ എന്ത് പ്രയോജനം?. അവൻ അഴിമതിക്കാരനോ,വഞ്ചകനോ,രാജ്യദ്രോഹിയോ,കൈക്കൂലിക്കാരനോ ആയിത്തീരും.

ലഹരിയുടെ മായികവലയത്തിൽപെടാതെ നമ്മുടെ മക്കളെ എങ്ങനെ സംരക്ഷിക്കാം ലഹരിയുടെ കയങ്ങളിൽപെട്ടുപോയവരെ എങ്ങനെ രക്ഷിക്കാം

1 . മാതാപിതാക്കൾ മക്കളോട് എല്ലാ ദിവസവും സംസാരിക്കുന്നതിനും സ്നേഹം പങ്കുവെക്കുന്നതിനും സമയം കണ്ടെത്തുക. അനുദിന വിശേഷങ്ങളും ആവശ്യങ്ങളും ചോദിച്ചറിയുക.

2. കുടുംബാംഗങ്ങൾ ഒന്നിച്ച് കുടുംബ പ്രാർത്ഥന ചൊല്ലുന്നതും ഭക്ഷണം കഴിക്കുന്നതും പതിവാക്കുക.കുടുംബത്തിലെ ആത്മീയാന്തരീക്ഷം മക്കളിലെ നന്മ വളർത്തും.

3. മക്കൾ പറയുന്ന കാര്യങ്ങൾ ക്ഷമയോടെ കേൾക്കുവാൻ മനസുകാണിക്കുക.മക്കളുടെ സ്വഭാവം മനസിലാക്കാൻ ശ്രമിക്കുകയും സംശയം ഉണ്ടെങ്കിൽ അവരുടെ വാക്കുകൾ കണ്ണടച്ച് വിശ്വസിക്കാതിരിക്കുകയും ചെയ്യുക.

4. മക്കൾക്ക് അഭിപ്രായസ്വാതന്ത്ര്യം നൽകുകയും അവരുടെ അഭിപ്രായങ്ങൾക്ക് വില കൽപ്പിക്കുകയും ചെയ്യുക.

5. മാതാപിതാക്കും മക്കളും മറ്റ് കുടുംബാംഗങ്ങളും തമ്മിൽ എന്തെങ്കിലും സ്വര ചേർച്ച ഇല്ലായ്മ ഉണ്ടെങ്കിൽ എത്രയും പെട്ടെന്ന് നല്ലൊരു കൗൺസിലിംഗ് വിദഗ്ധനെ കണ്ട് അല്ലെങ്കിൽ പക്വതയുള്ളവരുടെ മാദ്ധ്യസ്ഥതയിൽ പ്രശ്നം പരിഹരിക്കുക.

6. മക്കളുടെ സ്വഭാവത്തിലോ വസ്ത്രധാരണത്തിലോ സംസാരത്തിലോ പെരുമാറ്റത്തിലോ,പഠനത്തിലോ,പതിവിൽനിന്നും വ്യത്യസ്തമായി മോശമായി എന്തെങ്കിലും ശ്രദ്ധയിൽ പെട്ടാൽ അവരുടെ ബാഗും പുസ്തകങ്ങളും പരിശോധിക്കുക.

7. സ്കൂൾ യൂണിഫോം എക്സിക്യൂട്ടീവ് സ്റ്റൈലിൽ വൃത്തിയായും കൃത്യമായും ധരിക്കാനും തലമുടിയിൽ ഫാഷിൻ അനുവദിക്കാതിരിക്കാനും പ്രത്യേകം സ്കൂൾ അധികൃതരും രക്ഷകർത്താക്കളും ശ്രദ്ധിക്കുക.

8. മാസത്തിലൊരിക്കലെങ്കിലും അധ്യാപകർ വിദ്യാർത്ഥികളെ സംബന്ധിക്കുന്ന വിവരങ്ങൾ രക്ഷകർത്താക്കളുമായി പങ്കുവയ്ക്കാൻ അവസരം ഉണ്ടാക്കുക.

9. അലസ വിനോദ പരിപാടികളിലും അത്തരത്തിലുള്ള കളികളിലും പങ്കെടുക്കാൻ വിദ്യാർത്ഥികളെ അനുവദിക്കാതിരിക്കുക.

10. ഓരോ വിദ്യാർഥിക്കുവേണ്ടിയും ഒരു ദിനചര്യ ടൈം ടേബിൾ അധ്യാപകനും രക്ഷാകർത്താവും വിദ്യാർത്ഥിയും ചേർന്ന് തയ്യാറാക്കുക.അത് പാലിക്കുന്നുണ്ടോ എന്ന് ശ്രദ്ധിക്കുക.

11. അപരിചിതരുമായി വിദ്യാർത്ഥികൾ കൂട്ടുകൂടാതിരിക്കാൻ അദ്ധ്യാപകരും രക്ഷകർത്താക്കളും ശ്രദ്ധിക്കുക. മക്കളുടെ കൂട്ടുകാരെ കുറിച്ചുള്ള വിവരങ്ങൾ രക്ഷകർത്താക്കൾ വ്യക്തമായി അറിഞ്ഞു വെക്കുക.

12. സ്കൂൾ അസംബ്ലിയിൽ ലഹരി വിരുദ്ധ പ്രതിജ്ഞ ഉൾക്കൊള്ളിക്കുക

13. സ്റ്റുഡന്റ് പോലീസ് എൻ സി സി മറ്റു സ്കൂൾ ക്ലബ്ബുകൾ ഇവയിലൊന്നിൽ സജീവമായി വിദ്യാർത്ഥികളെ പങ്കെടുപ്പിക്കുക.ഇവരിലെ അധിക ഊർജം സർഗാത്മകമായി ഉപയോഗപ്പെടുത്താൻ ഇത് വഴി സാധിക്കും.

14. സ്കൂൾ സംരക്ഷണ സമിതിയുടെയും മയക്കുമരുന്ന് വിരുദ്ധ ക്ലബ്ബിന്റേയും പ്രവർത്തനം ശക്തമാക്കുക(ഇവ രണ്ടും സർക്കാർ നിർദേശ പ്രകാരമുള്ളതാണ് )


15. സ്കൂളിൽ സ്റ്റുഡന്റ് കൗൺസിലർമാരെ



നിയമിക്കുക.(എൻ .ആർ .എച്.എം. ഇത് ചില വിദ്യാലയങ്ങൾക്ക് നൽകുന്നുണ്ട്)

16. സ്കൂളിൽ പരാതിപെട്ടി സ്ഥാപിച്ച് സ്കൂളിലെയും സ്കൂളിന് സമീപത്തെയും വിദ്യാർത്ഥികളുടെ വീടിനു സമീപത്തെയും ലഹരി ഉപയോഗങ്ങളെ സംബന്ധിച്ചും ലഹരി ഇടപാടുകളെ സംബന്ധിച്ചുമുള്ള പരാതികൾ പരിശോധിച്ച് വേണ്ട നടപടികൾസ്വീകരിക്കുക.

17. ലഹരി ഉപയോഗിക്കുന്നതായി സംശയിക്കുന്ന വിദ്യാർത്ഥികളെ അദ്ധ്യാപകർ രക്ഷകർത്താക്കളുടെ സഹായത്തോടെ നിരീക്ഷിക്കുകയും അവരുടെ ബാഗുകൾ രഹസ്യമായി പരിശോധിക്കുകയും കൗൺസിലിംഗ് തുടങ്ങിയ അനുകൂല നടപടികൾ സ്വീകരിക്കുകയും ചെയ്യുക.




18. നാട്ടിൽ ഉള്ള ലഹരി മാഫിയയുടെ പ്രവർത്തനങ്ങൾ തടയുന്നതിന് പോലീസിന്റെയും എക്സൈസിന്റെയും ആന്റി നാർക്കോട്ടിക് സെല്ലിന്റെയും സഹകരണത്തോടെ റെസിഡൻസ് അസോസിയേഷനുകളും അയൽപക്ക കൂട്ടായ്മകളും സംഘടിപ്പിക്കുക നാട്ടിലെ പൊതു പ്രവർത്തകരും സാംസ്കാരിക സംഘടനകളും ചേർന്ന് യുവാക്കളുടെയും കൗമാരക്കാരുടെയും ഒത്തുചേരലുകൾ നിരീക്ഷിക്കുന്നതിനും നാട്ടിൽ നിന്നും ലഹരി എന്ന പിശാചിനെ തുരത്തുന്നതിനുമുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പാക്കുക. മയക്കമരുന്ന് മാഫിയയെ നേരിടുന്നതിന് മാത്രമായി സർക്കാർ അർദ്ധ സൈനിക വിഭാഗത്തെ രൂപീകരിച്ച് പ്രവർത്തനം നടപ്പാക്കുക.

19. വീട്ടിലുള്ള മുതിർന്നവർ പുകയില ഉത്പന്നങ്ങളും മദ്യവും മയക്കമരുന്നും ഉപയോഗിക്കുന്നവരായി ഉണ്ടെങ്കിൽ ആദ്യം കുടുംബത്തിൽനിന്നും തിരുത്തലുകൾ ആരംഭിക്കുക. കുടുംബാംഗങ്ങളിൽ ആരെങ്കിലും ഇവ ഉപയോഗിക്കുന്നവരാണെങ്കിൽ കുട്ടികളും ഇവ ഉപയോഗിക്കുന്നവരാകുവാൻ സാധ്യത വളരെ കൂടുതലാണ്. ലഹരി ഉപയോഗിക്കുന്നതിനുള്ള താല്പര്യം പാരമ്പര്യമായി ഉണ്ടാകാനിടയുണ്ടെന്ന് കരുതുന്നു.

20. ലഹരിയുടെ പുതിയ മാർഗ്ഗങ്ങൾ കുട്ടികളിലേക്ക് എത്തുന്നത് പരീക്ഷിക്കാനെന്നതരത്തിൽ കൂട്ടുകാരിലൂടെയാണ് . ആയതിനാൽ സ്കൂൾ,കോളേജ്,പി.ടി.എ യും, പൊതുപ്രവർത്തകരും, സാമൂഹ്യ പ്രവർത്തകരും, സാംസ്കാരിക പ്രവർത്തകരും ചേർന്ന് കുട്ടികൾക്കും യുവാക്കൾക്കും വെവ്വേറെ ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കുക.

21.മദ്യവും മയക്കമരുന്നുകളും ഘട്ടംഘട്ടമായി നിരോധിക്കുക.




BY

George Aloysius
Teacher

## നന്മമരം




SAJAN
Office Staff

# പ്രകൃതിക്ക് മനുഷ്യനോടുള്ള പ്രളയം

ഒരിടത്ത് ഒരിടത്ത് ഒരു മനേഹരമായ ഗ്രാമമുണ്ടായിരുന്നു. പ്രകൃതി കുന്നും മലയും പുഴയും എല്ലാം കൊണ്ടും നിറഞ്ഞ ഗ്രാമമായിരുന്നു അത്. അവിടത്തെ മനുഷ്യർ ഗ്രാമവാസിക്കളെ പോലെയായിരുന്നു താമസിച്ചിരുന്നത്. അവർ അവിടെ ഉണ്ടായിരുന്ന കുന്നുകലെയും പുഴകളെയും എല്ലാം നല്ലവണ്ണം സുസ്രൂഷിച്ചിരുന്നു. നമ്മുടെ ഇപ്പോഴത്തെ കാലത്ത് നിറയെ മാലിന്യങ്ങൾ പുഴയിലേക്ക് വലിച്ചെറിയുന്നതും മലകളെല്ലാം നശിപ്പിക്കുന്നതുക്കൊണ്ടും മരങ്ങളും കാടുകളും വെട്ടി നശിപ്പിക്കുന്നത് കൊണ്ടാണ് നമ്മുടെ ഈ അടുത്ത് ദുരന്തമുണ്ടായത്ത്. അതാണ് പ്രകൃത്തിക്ക് മനുഷ്യനേടുള്ള പ്രളയം



# _സ്നേഹം


യ്ത്തന നീക്കും സുഗന്ധം
വേദന മ്റ്റുന്ന തൈലം
ഉഷ്ണ്ണംമീളും തെന്നൽ
വേനലകറ്റും പൂന്തണൽ

മഴയുടെ കുളിരുള്ള സ്നേഹം
പഴയുടെ തെളവുള്ള സ്നേഹം
ഹൃദയത്തിൽ അലിവാകും സ്നേഹം
നിലനിൽക്കും മോദമാം സ്നേഹ

ശാന്തി നൽകും തീർത്ഥം
കണ്ണീരൊപ്പും ആശ്യാസം പകരും
മനസ്സിൻ വിങ്ങൽ അകറ്റും ജീവിതത്തിൽ
വെളിച്ചമാം സ്നേഹം

By

Jojo victor
Teacher



# INTO DARKNESS

Into darkness, I decent

Struggling for light

A glimpse of hope

In this endless hight

my darkest thoughts

My worst hight mares

shroud me as horning pyres

Revenge and murder seize my mind

Noway to escape this hateful bind

shadows gather,

Gloom prevails

No evasion from friends or foes.

My eyes go blank

My ears, deaf

My mind start to the world outside

Realisation looms

I accept My fate.
There is no escape from this foul and obscure age



# ഒരിക്കൽക്കൂടി

ഒരിക്കൽക്കൂടിയാനേരം വന്നെത്തുമോ.......
ഒത്തിരിനാളായി നിനയ്ക്കുന്നു ഞാൻ
മുത്തുകൾ വാരിയെറിഞ്ഞൊരാകാലം
മുത്തുമാല ചാർത്തിവന്ന കുട്ടിക്കാലം
മണ്ണുവാരികളിച്ചാരാ കൊച്ചുകരങ്ങളിപ്പോൾ
മഞ്ഞച്ചായം പുരട്ടുവാനായിരിക്കുന്നു
കിലുങ്ങും കൊലുസണിഞ്ഞ കൊച്ചുപാദങ്ങളിപ്പോൾ
മണ്ണിൽ നടമാടാൻ തുടങ്ങിയിരിക്കുന്നു
തുച്ഛമാം എൻ സ്വപ്നം സഫലമായിടുമോ
ഉച്ചത്തിൽ നിശ്വസിച്ചിടുന്നു എൻ നെഞ്ചം
ഓടിയെത്തുന്ന യൗവനം എന്നെ വിഴുങ്ങാൻ
ഓടിവാ എൻ കുഞ്ഞികാലമേ ഒരിക്കൽക്കൂടി



# പ്രളയം

എത്ര ഉച്ചരിച്ചാലും
എങ്ങനെ പറഞ്ഞാലും
പ്രണയം എന്നേ
ചുണ്ടിൽ വരികയുള്ള .....
അത്രമേൽ   ഇഷ്ടമ്ണ്ട
പ്രണയത്തെ..............
പങ്കുവെയ്ക്കാതെ................
വെളിപ്പെടുത്താതെ
പ്രണയം കടന്നു പോകുന്നു
എന്നെ കൊന്നാലും
നിന്നെപ്പോലെ
മഴയെപ്പോലെ
അവിചാരിതമായി കടന്നെന്നുമോ
പ്രണയമേ അല്ല പ്രളയമേ???.........

## നന്ദി

എടവനക്കാട് എസ്.ഡി.പി.വൈ.കെ.പി.എം ഹൈസ്കൂളിലെ കുട്ടികളുടെയും അധ്യാപകരുടെയും സർഗ്ഗാത്മക സൃഷ്ടികളുടെ എളിയ സമാഹാരമാണ് ഈ നന്മമരം മാഗസിനിൽ എടവനക്കാട് എസ്.ഡി.പി.വൈ.കെ.പി.എം ഹൈസ്കൂളിലെ കുട്ടികളുടെയും അധ്യാപകരുടെയും സർഗ്ഗാത്മക സൃഷ്ടികളുടെ എളിയ സമാഹാരമാണ് ഈ നന്മമരം മാഗസിനിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്.

മാഗസിനു വേണ്ടി വിലപ്പെട്ട മാർഗ്ഗ നിർദ്ദേശങ്ങൾ നൽകിയും സർഗ്ഗസൃഷ്ടികൾ നൽകിയവർക്കും ചിത്രങ്ങൾ നൽകി മിഴിവേകിയവർക്കും മലയാളം ടൈപ്പ് ചെയ്ത് സഹായിച്ചവർക്കും മാഗസിന്റെ പ്രവർത്തനങ്ങളിൽ സഹകരിച്ച എല്ലാ കുട്ടികൾക്കും, അധ്യാപകർക്കും, അനധ്യാപകർക്കും പ്രോത്സാഹനങ്ങൾ നൽകിയ PTA ക്കും, മാനേജ്മെൻറിനും, ഹെഡ്മിസ്ട്രസിനും പ്രത്യേകം നന്ദി രേഖപ്പെടുത്തുന്നു.




Editors : Devika , Meenakshi , Shifna